## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 1766

16.02.2016-ൽ മറുപടി
നൽകേണ്ടിയിരുന്നത്

### ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനവും ആക്ഷേപവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;<br><br>(ബി) സോളാർ, ബാർകോഴക്കേസുകളിലെ ഉത്തരവുകളുടെ പേരിൽ തൃശ്ശൂർ വിജിലൻസ് ജഡ്ജിയെ ആക്ഷേപിച്ചവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br><br>(സി) ജഡ്ജിമാരെ പരസ്യമായി വിമർശിച്ച മന്ത്രിമാർ ആരൊക്കെയായിരുന്നു ;<br><br>(ഡി) ഹൈക്കോടതി ജഡ്ജിയെ ആക്ഷേപിച്ചതിന് സാംസ്കാരിക വകുപ്പു മന്ത്രിക്കെതിരെ ക്രിമിനൽ കോടതി അലക്ഷ്യ നടപടി ആരംഭിച്ചിട്ടുള്ളതായി അറിയാമോ ; ജസ്റ്റിസ് അലക്സാണ്ടർ തോമസ് കോടതിയിൽ പ്രകടിപ്പിച്ച ഏത് അഭിപ്രായത്തെ തുടർന്നായിരുന്നു മന്ത്രി ഫേസ് ബുക്കിൽ അഭിപ്രായം പോസ്റ്റ് ചെയ്തിരുന്നത് ; വിശദമാക്കാമോ ? | ജുഡീഷ്യറിയുടെ സ്വതന്ത്രമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ആയതിന്റെ പ്രസക്തി കണക്കിലെടുത്ത് സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഈ സർക്കാർ തസ്തികകൾ ഉൾപ്പെടെ കോടതികൾ ആരംഭിക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഹൈക്കോടതിക്കും കീഴ്കോടതികൾക്കും ഒരുക്കി കൊടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഗ്രാമവികസനം, ആസൂത്രണം, സാംസ്കാരികം, നോർക്ക വകുപ്പു മന്ത്രിക്കെതിരെ ശ്രീ.വി.ശിവൻകുട്ടി എം.എൽ.എ ഫയൽ ചെയ്ത കോടതി അലക്ഷ്യകേസ് ക്രിമിനൽ നമ്പർ192/2016(എസ്) ഹൈക്കോടതിയിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ